(ബി) 2015 മാർച്ചിൽ അവസാനിക്കുന്ന എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റുകളിൽ നിന്ന് ന്യായമായ നിയമനങ്ങൾ നടക്കാത്തപക്ഷം ലിസ്റ്റിന്റെ കാലാവധി നീട്ടിനൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എൽ.ഡി. ക്ലാർക്ക് തസ്തികകളിലേക്ക് എല്ലാ വകുപ്പുകളും സമയബന്ധിതമായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) എൽ.ഡി. ക്ലാർക്ക് ഉൾപ്പെടെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡ്രൈവർ തസ്തികയിലെ നിയമനം

75 (7634) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.) തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റ് എന്നാണ് നിലവിൽവന്നത് ; പ്രസ്തുത ലിസ്റ്റിൽനിന്ന് എത്ര പേർക്ക് ഇതുവരെ നിയമനം നൽകി ; ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ് ; വിശദമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.) തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(സി) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിൽ എത്ര പേർ ഡ്രൈവർ തസ്തികയിൽ താല്ക്കാലികമായി ജോലി ചെയ്യുന്നു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

നിയമനത്തട്ടിപ്പ് സംബന്ധിച്ച കേസ്

76 (7637) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ നടന്ന പി.എസ്.സി. നിയമനത്തട്ടിപ്പ് സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിയമനത്തട്ടിപ്പ് പരിശോധിക്കാൻ രൂപീകരിച്ച അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; പ്രസ്തുത വകുപ്പ് ഏതെല്ലാം സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട് ; ഇതിൽ ഏതെങ്കിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(സി) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത കേസ് (VC 3/2012/SIU-II) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ ഘട്ടത്തിലാണ്.

(ബി) ഉണ്ട്. 34 വകുപ്പുകളിൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. (വകുപ്പുകളുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്.)* കൂടാതെ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, ഇൻഷ്വറൻസ്, മെഡിക്കൽ സർവ്വീസ്, പട്ടികവർഗ്ഗ വികസനം, കേരള സ്റ്റേറ്റ് ഇൻഷ്വറൻസ്, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണം, കോളേജ് വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ പരിശോധന നടന്നുവരുന്നു.

നേരിട്ടുള്ള നിയമനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. എന്നാൽ, പഞ്ചായത്ത് വകുപ്പിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിന്നും ചിലർക്ക് അനർഹമായി സ്ഥാനക്കയറ്റം നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാനക്കയറ്റം ലഭിച്ച് യു.ഡി. ക്ലാർക്കായി മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കെ. കൃഷ്ണൻകുട്ടിയെ 18-4-2013-ലെ സഉ.(സാധാ)നമ്പർ 1033/2013/എൽ.എ/സ്.ജി.ഡി പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പാർട്ട്ടൈം സർവ്വീസിൽ നിന്നും പ്യൂൺ, എൽ.ഡി.സി. തസ്തികകളിലേക്ക് മറ്റ് 19 പേർക്ക് ലഭിച്ച സ്ഥാനക്കയറ്റങ്ങളും ക്രമവിരുദ്ധമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഇക്കാര്യത്തിൽ തദ്ദേശഭരണ വകുപ്പിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പരിശോധന പൂർത്തിയായ വകുപ്പുകളിൽ ജീവനക്കാരുടെ സർവ്വീസ് പുസ്തകങ്ങൾ പരിപാലിക്കുന്നതിൽ വളരെയേറെ ന്യൂനതകൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(സി) വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായാണ് നടന്നുവരുന്നത്.

റിട്ടയർമെന്റ് ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

77 (7638) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സംസ്ഥാന സർവ്വീസിൽനിന്ന് എത്ര പേർ റിട്ടയർ ചെയ്യുന്നുണ്ട് എന്നറിയിക്കുമോ ;

(ബി) 2014 ഡിസംബർ 31 വരെ ഉണ്ടാകുന്ന റിട്ടയർമെന്റ് ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കുലർ പ്രകാരം എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly